നം.ഇഎക്സ്/എച്ച് 3/9723/2012/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂ പ്പുര,
തിരുവനന്തപുരം - 12
02/04/2012

## വിജ്ഞാപനം

## സംസ്കൃത അദ്ധ്യാപക പരീക്ഷ - ജൂൺ 2012

2012 ലെ സംസ്കൃത അദ്ധ്യാപക പരീക്ഷ, മുൻ വർഷങ്ങളിൽ ഈ പരീക്ഷ എഴുതി വിജയിക്കാൻ കഴിയാത്തവർക്കുമാത്രമായി താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

1) ഗവൺമെന്റ് ഹൈസ്കൂൾ, മുള്ളേരിയ, കാസർഗോഡ് - 670 543
2) ചൊവ്വ എച്ച്.എസ്.എസ്, ചൊവ്വ. പി.ഒ.,കണ്ണൂർ - 670 006
3) ബി.ഇ.എം. ഹൈസ്കൂൾ വടകര, വടകര പി.ഒ - 673 101
4) സെന്റ് തോമസ് കോളേജ് ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ - 680 005
5) എസ്.എച്ച്. മൗണ്ട് ഹൈസ്കൂൾ, കോട്ടയം - 686 008
6) ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ കൊട്ടാരക്കര -

പരീക്ഷയുടെ വിഷയങ്ങളും മാർക്കും സമയവും താഴെ കൊടുത്തിരിക്കുന്നു.

| Sl.No. | Subjects | Maximum Marks | Minimum Marks for pass | Duration |
|---|---|---|---|---|
| 1 | Paper - I<br>Poetry | 100 | 35 | 3 hrs |
| 2 | Paper - II<br>Prose Chambu & Drama | 100 | 35 | 3 hrs |
| 3 | Paper - III<br>Grammar, Alankara & Vritta | 100 | 40 | 3 hrs |
| 4 | Paper - IV<br>Translation & Composition | 100 | 35 | 3 hrs |
| 5 | Paper - V<br>History & Sanskrit Literature | 100 | 35 | 3 hrs |

മേൽ കൊടുത്തിരിക്കുന്ന പ്രകാരം എല്ലാ വിഷയങ്ങൾക്കും വിജയിക്കാനവശ്യമായ മിനിമം മാർക്ക് ലഭിക്കുന്നവരെ മാത്രമേ വിജയിച്ചതായി പ്രഖ്യാപിക്കുകയുള്ളു.

1) മുഴുവൻ പരീക്ഷക്ക് 50/- രൂ യും ഒരു പാർട്ടിന് 20/- രൂ യും രണ്ട് പാർട്ടിന് 40/- രൂ യുമാണ് ഫീസ്.

2) പരീക്ഷാ ഫീസ് സംസ്ഥാനത്തുള്ള ഏതെങ്കിലും ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3) പരീക്ഷാ ഫീസ് "0202-01-102-99 പരീക്ഷാഫീസ്" എന്ന ഹെഡ്ഡിലാണ് ഒടുക്കേണ്ടത്.

4) പരീക്ഷാ ഫീസ് പിഴ കൂടാതെ 03/05/2012 മുതൽ 11/05/2012 വരെയും 10/- രൂ പിഴയോടെ 14/05/2012 മുതൽ 16/05/2012 വരെയും ഒടുക്കാവുന്നതാണ്.

5) പൂരിപ്പിച്ച അപേക്ഷയും ഉള്ളടക്കവും 17/05/2012 മുൻപായി പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.

6) പിന്നോക്ക സമുദായത്തിലോ അവശ സമുദായത്തിലോ മറ്റ് ഏതെങ്കിലും വിഭാഗത്തിൽ പെട്ടവർക്കോ ഫീസ് സൗജന്യം ഉണ്ടായിരിക്കുന്നതല്ല.

7) അപേക്ഷയിൽ അപേക്ഷകന്റെ പേരും മേൽ വിലാസവും വ്യക്തമായും പൂർണ്ണമായും എഴുതേണ്ടതാണ്. കൈവശമുള്ള സർട്ടിഫിക്കറ്റിലെ പേര് അതേ രൂ ത്തിൽ വലിയ അക്ഷരത്തിൽ ഇംഗ്ളീഷിലും മലയാളത്തിലും എഴുതേണ്ടതാണ്.

8) സെന്റർ ചീഫ് സൂപ്രണ്ടുമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ബി ലിസ്റ്റ് തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷയോടൊപ്പം 25/05/2012 ന് മുൻപായി ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് പാഴ്സൽ ആയി **പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂ പ്പുര, തിരുവനന്തപുരം - 12** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ അയക്കുന്ന കവറിന്റെ മുകളിൽ **സംസ്കൃത അദ്ധ്യാപക പരീക്ഷ - ജൂൺ 2012** എന്ന് വ്യക്തമായി എഴുതേണ്ടതാണ്.

9) 1 മുതൽ 4 വരെയുള്ള പേപ്പറുകളുടെ ചോദ്യ കടലാസുകൾ സംസ്കൃതത്തിൽ ആയിരിക്കുന്നതും സംസ്കൃതത്തിൽ തന്നെ ഉത്തരമെഴുതേണ്ടതുമാണ്. അഞ്ചാം പേപ്പറിന്റെ ചോദ്യം സംസ്കൃതത്തിലാണെങ്കിലും സംസ്കൃതത്തിലോ, മാതൃഭാഷയിലോ ഉത്തരമെഴുതാവുന്നതാണ്.

10) പാസ്പോർട്ട് വലുപ്പത്തിലുള്ള രണ്ട് ഫോട്ടോകളിൽ ഒന്ന് അഡ്മിഷൻ ടിക്കറ്റിലും മറ്റൊന്ന് ഐഡന്റിറ്റി സർട്ടിഫിക്കറ്റിലും ഒട്ടിക്കേണ്ടതാണ്. ഫോട്ടോകൾ ആറ് മാസത്തിനകം എടുത്തതാകണം. ഫോട്ടോകൾ ഏതെങ്കിലും ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെയോ ആഫീസിന്റെയോ സീൽ ഫോട്ടോയിൽ പതിയരുത്. ഫോട്ടോയിൽ സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ ഒപ്പ് മാത്രമേ പാടുള്ളു.

11) പരീക്ഷാർത്ഥിയുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ് ഇവയുടെ മാതൃകകൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.

12) പരീക്ഷ നടത്തുന്ന കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർ പരീക്ഷയുടെ ചീഫ് സൂപ്രണ്ടായിരിക്കും.

## <u>പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദേശങ്ങൾ</u>

1) പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ അതാതു പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് നേരിട്ട് വിതരണം ചെയ്യുന്നതാണ്. പരീക്ഷാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ നേരിട്ട് ഹാജരായി അഡ്മിഷൻ ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. പരീക്ഷ തുടങ്ങുന്നതിന് മൂന്നു ദിവസത്തിനു മുൻപ് ചീഫ് സൂപ്രണ്ടിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് വാങ്ങേണ്ടതാണ്. പരീക്ഷയെഴുതുന്ന സമയത്ത് അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥിയുടെ പക്കൽ ഉണ്ടായിരിക്കേണ്ടതും ചീഫ് സൂപ്രണ്ടോ, അസിസ്റ്റന്റ് സൂപ്രണ്ടോ, പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോ ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാകുന്നു. അഡ്മിഷൻ ടിക്കറ്റ് കൈവശം ഇല്ലാത്ത പരീക്ഷാർത്ഥികളെ പരീക്ഷക്ക് പ്രവേശിപ്പിക്കുവാൻ ചീഫ് സൂപ്രണ്ടുമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതുവരെ അഡ്മിഷൻ ടിക്കറ്റ് അവരവർതന്നെ സൂക്ഷിക്കേണ്ടതുമാണ്. പ്രായോഗിക പരീക്ഷക്ക് പ്രത്യേകം അഡ്മിഷൻ ടിക്കറ്റ് നൽകുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ടു പോയാൽ പരീക്ഷാർത്ഥി പരീക്ഷാ കമ്മീഷണറുടെ ആഫീസിലേക്ക് അപേക്ഷിക്കേണ്ടതാണ് തൃപ്തികരമായ കാരണങ്ങളിൽ പരീക്ഷാ കമ്മീഷണർക്ക് ബോദ്ധ്യമാകുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിനുവേണ്ടി രൂ 10/- (പത്ത് രൂ ) "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടച്ച് ചെലാൻ രസീത് സഹിതം അപേക്ഷിക്കേണ്ടതാണ്. പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചു സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റിന്റെ ഫാറവും ഈ അപേക്ഷയോടൊന്നിച്ച് ഹാജരാക്കണം.

2) പകർച്ച വ്യാധികൾ ഉള്ളവരെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല.

3) പരീക്ഷാ സെന്ററിലേയ്ക്ക് അയച്ചുകൊടുക്കുന്ന പരീക്ഷാർത്ഥിയുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ എ ലിസ്റ്റ് അഡ്മിഷൻ ടിക്കറ്റ് വാങ്ങുമ്പോൾ ചീഫ് സൂപ്രണ്ടിന്റെ സഹായത്തോടുകൂടി പരീക്ഷാർത്ഥികൾ പരിശോധിക്കേണ്ടതും തങ്ങളുടെ പേര്, ഇൻഷ്യൽ, ജാതി, മതം മറ്റു വിവരങ്ങൾ ഇവയിൽ തിരുത്തൽ ആവശ്യമുണ്ടെന്ന് തോന്നുന്നപക്ഷം ആയത് രേഖാമൂലം ചീഫ് സൂപ്രണ്ടിനെ അറിയിക്കേണ്ടതുമാണ്.

4) നിശ്ചിത സമയത്തിന് പത്ത് മിനിറ്റിന് മുൻപുതന്നെ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ അവരവരുടെ സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷക്ക് പ്രവേശിപ്പിക്കുന്നതല്ല.

5) ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കാതെ ആരെയുംതന്നെ പരീക്ഷാ ഹാൾ വിട്ട് പുറത്തുപോകാൻ അനുവദിക്കുന്നതല്ല.

6) ഒരിക്കൽ പുറത്തുപോയ പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

7) പരീക്ഷാ ഹാളിൽ പൂർണ്ണ നിശ്ശബ്ദത പാലിക്കേണ്ടതാണ്.

8) ബുക്കുകളുടെ ഭാഗങ്ങൾ, എന്തെങ്കിലും എഴുതിയ പേപ്പർ, ഇവയാതൊന്നും തന്നെ പരീക്ഷാഹാളിൽ കൊണ്ടു വരാൻ പാടില്ലാത്തതാകുന്നു. ഈ നിയമം ലംഘിക്കുന്നവരെയും മറ്റ് പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസിൽ നിന്നും പകർത്തി എഴുതുവാൻ ശ്രമിക്കുന്നവരെയും അപമര്യാദയായി പെരുമാറുന്നവരെയും പരീക്ഷാഹാളിൽ നിന്നും അപ്പോൾതന്നെ പുറത്താക്കുന്നതും അവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്.

9) ചോദ്യക്കടലാസിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ ഒഴികെ തിരിച്ചറിയാൻ സാധിക്കുന്ന യാതൊന്നും തന്നെ എഴുതുവാൻ പാടില്ല.

10) പരീക്ഷാർത്ഥികൾക്ക് നൽകുന്ന ഉത്തരക്കടലാസിന്റെ രണ്ട് വശത്തും എഴുതാവുന്നതാണ്. ഇതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പരീക്ഷാ ഹാളിൽ നൽകുന്നതായിരിക്കും.

11) പരീക്ഷയെഴുതിക്കഴിഞ്ഞ് ഉത്തരക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

12) ഉത്തരക്കടലാസുകൾ അതിന്റെ ഇടതുവശത്ത് മുകൾ വശത്തായി തുന്നിക്കെട്ടിയിരിക്കണം.

13) പരീക്ഷാർത്ഥികളുടെ പേരോ പരീക്ഷാ കേന്ദ്രത്തിന്റെ പേരോ യാതൊരു കാരണവശാലും ഉത്തരക്കടലാസിൽ എഴുതുവാൻ പാടുള്ളതല്ല. അങ്ങനെയുള്ള ഏതെങ്കിലും വിവരങ്ങൾ എഴുതിയിട്ടുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്താതെ നിരസിക്കുന്നതായിരിക്കും.

14) ചീഫ് സൂപ്രണ്ടിനോടും അസിസ്റ്റന്റ് സൂപ്രണ്ടിനോടും പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോടും അപമര്യാദയായി പെരുമാറുന്നവരേയും, ക്രമക്കേടുകൾ കാണിക്കുന്നവരെയും പരീക്ഷാ ഹാളിൽ നിന്ന് പുറത്താക്കുന്നതും അവരെ തുടർന്നുള്ള പരീക്ഷ എഴുതുവാൻ അനുവദിക്കാത്തതുമാണ്. മറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പകർത്തി എഴുതുവാൻ ശ്രമിക്കുന്നതും പകർത്തി എഴുതുന്നതിന് മറ്റുള്ളവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നതും മറ്റുള്ളവരുമായി സംസാരിക്കുന്നതും എഴുതിയതോ, അച്ചടിച്ചതോ ആയ കടലാസുകൾ കൈവശം വയ്ക്കുന്നതും ക്രമക്കേടായി കണക്കാക്കുന്നതാണ്.

15) പരീക്ഷാ ഹാളിൽ വച്ചോ പരീക്ഷ നടക്കുന്ന സെന്ററിന്റെ പരിസരങ്ങളിൽ വച്ചോ പരീക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് അപമര്യാദയായി പെരുമാറുന്നവരെയും ചീഫ് സൂപ്രണ്ടിന് പരീക്ഷയിൽ നിന്നും പുറത്താക്കാവുന്നതാണ്.

16) പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുന്നവരുടേയും അപമര്യാദയായി പെരുമാറുന്നവരുടേയും പരീക്ഷാർത്ഥിത്വം റദ്ദു ചെയ്യുന്നതും അവരെ അവർ ചെയ്ത തെറ്റിന്റെ ഗൗരവം അനുസരിച്ച് ഈ ബോർഡ് നടത്തുന്ന പൊതു പരീക്ഷകൾക്ക് ചേരുന്നതിൽ നിന്നും സ്ഥിരമായോ, ഒരു നിശ്ചിത കാലയളവിലേക്കോ നിരോധിക്കുന്നതായിരിക്കും..

17) ഈ വിജ്ഞാപന പ്രകാരം പരീക്ഷക്ക് ചേർന്നിട്ടുള്ള എല്ലാ പരീക്ഷാർത്ഥികളും പരീക്ഷയെ സംബന്ധിച്ച് നിലവിലുള്ളതും ഈ വിജ്ഞാപനത്തിനുശേഷം പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നുള്ള ഒരു ഉറപ്പ് പരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുള്ളതായി കണക്കാക്കാവുന്നതാണ്.

18) പരീക്ഷയിൽ വിജയിക്കുന്നവരുടെ രജിസ്റ്റർ നമ്പറുകൾ എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും പരീക്ഷാ കമ്മീഷണറുടെ ആഫീസിലും പ്രസിദ്ധീകരിക്കുന്നതാണ്.

19) ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിനിക്കു വേണ്ടിയുള്ള അപേക്ഷകൾ, പരീക്ഷാകേന്ദ്രങ്ങളിൽ മാർക്ക് ലിസ്റ്റ് ലഭിച്ചതിനുശേഷം 10 ദിവസത്തിനകം ലഭിക്കേണ്ടതാണ്. ഒരു പേപ്പറിന് 25/- രൂ യാണ് സ്ക്രൂട്ടിനിക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ്. പ്രസ്തുത ഫീസ് 0202-01-102-92 അദർ റെസീപ്റ്റ്സ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

20) ഉത്തരക്കടലാസുകൾ ഒരു കാരണവശാലും പുനർമൂല്യ നിർണയം ചെയ്യുന്നതല്ല.

## പരീക്ഷയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളും തീയതികളും

1) ഫൈൻ കൂടാതെ ട്രഷറിയിൽ ഫീസ് അടക്കേണ്ട തീയതി - **03/05/2012** മുതൽ **11/05/2012** വരെയും 10/- രൂ ഫൈനോടുകൂടി **14/05/2012** മുതൽ **16/05/2012** വരെയും അടക്കാവുന്നതാണ്.

2) പരീക്ഷാർത്ഥികൾ പരീക്ഷാ കേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി - 17/05/2012

3) സെന്റർ ചീഫ് സൂപ്രണ്ടുമാർ ബി ലിസ്റ്റുകൾ തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷയോടൊപ്പം പരീക്ഷാ കമ്മീഷണറാഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി - 25/05/2012

4) പരീക്ഷാ ഫീസ് എ) എല്ലാ ഗ്രൂപ്പിനും രൂ. 50/-
   ബി) ഒരു പാർട്ടിന് രൂ. 20/-
   സി) രണ്ടു പാർട്ടുകൾക്ക് രൂ. 40/-
   ഡി) മാർക്ക് ലിസ്റ്റ് രൂ. 40/-

5) പരീക്ഷാ ഫീസും, ഫൈനും "0202-01-102-99 എക്സാമിനേഷൻ ഫീസ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയൽ അടക്കേണ്ടതാണ്.

6) ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിനിക്കു വേണ്ടി അപേക്ഷിക്കേണ്ട തീയതി മാർക്ക് ലിസ്റ്റ് പരീക്ഷാകേന്ദ്രങ്ങളിൽ ലഭിച്ചതിനുശേഷം 10 ദിവസത്തിനുള്ളിൽ ആയിരിക്കണം.

7) ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിനിക്കുള്ള ഫീസ് "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടക്കേണ്ടതാണ്.

## അനുബന്ധം - 1

## സംസ്കൃത അദ്ധ്യാപക പരീക്ഷ - ജൂൺ 2012
## പ്രവേശനത്തിനുള്ള അപേക്ഷ

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സ്ഥലവും :

2. പരീക്ഷാർത്ഥിയുടെ പേര് :
   എ) മലയാളത്തിൽ
   ബി) ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ
   (എസ്.എസ്.എൽസി. ബുക്കിലേതുപോലെ)

3. ശരിയായ പോസ്റ്റൽ വിലാസവും :
   ഫോൺ നമ്പരും :

4. മുൻ വർഷങ്ങളിൽ സംസ്കൃതാദ്ധ്യാപക പരീക്ഷ എഴുതിയതിന്റെ വിശദവിവരങ്ങൾ

| പരീക്ഷ എഴുതിയത് | | | വിജയിച്ച പേപ്പറുകൾ * |
|---|---|---|---|
| ക്രമ നമ്പർ | മാസവും വർഷവും | രജിസ്റ്റർ നമ്പർ | |
| | | | |
| | | | |
| | | | |
| | | | |
| | | | |

* മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പുകൾ തെളിവിലേക്കായി അപേക്ഷയോടൊപ്പം സമർപ്പിക്കണം

5. പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കുന്ന പേപ്പറുകൾ

| ക്രമ നമ്പർ | പേപ്പറുകൾ |
|---|---|
| | |
| | |
| | |
| | |
| | |

6. അടച്ച ഫീസ്, ചെലാൻ നമ്പർ, :
   തീയതി,ട്രഷറി,സ്ഥലം

സ്ഥലം :
തീയതി:

അപേക്ഷകന്റെ ഒപ്പ്

## അനുബന്ധം - 2
## സംസ്കൃത അദ്ധ്യാപക പരീക്ഷ - ജൂൺ 2012
## ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്

രജിസ്റ്റർ നമ്പർ :

പരീക്ഷാർത്ഥിയുടെ പേര് :

ജനനതീയതി :

ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും ആഫീസ് മുദ്രയും :

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്)
ഫോട്ടോയിൽ സീൽ പതിയരുത്

പരീക്ഷാർത്ഥിയുടെ ഒപ്പ്

(അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം)

ഓഫീസ് മുദ്ര

സ്ഥലം :
തീയതി:

---

## സംസ്കൃത അദ്ധ്യാപക പരീക്ഷ - ജൂൺ 2012

## അഡ്മിഷൻ ടിക്കറ്റ്

പരീക്ഷാ കേന്ദ്രത്തിന്റെ പേരും മേൽ വിലാസവും :

പരീക്ഷാർത്ഥിയുടെ പേര്
മലയാളത്തിൽ :

ഇംഗ്ലീഷിൽ :

ജനനതീയതി :

എഴുതുന്ന പേപ്പറുകൾ :

ഫോട്ടോഗ്രാഫ് അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും ഓഫീസ് മുദ്രയും :

പരീക്ഷാർത്ഥിയുടെ ഒപ്പ് :
(ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം)

ഓഫീസ് ഉപയോഗത്തിന്
രജിസ്റ്റർ നമ്പർ

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ് )
ഫോട്ടോയിൽ സീൽ പതിയരുത്

സ്ഥലം :
തീയതി:

## TIME TABLE

| Date | Time | Subjects |
|---|---|---|
| 18/06/2012 Monday | 10 am to 1 pm | Paper - I Poetry |
| 19/06/2012 Tuesday | 10 am to 1 pm | Paper - II Prose Chambu & Drama |
| 20/06/2012 Wednesday | 10 am to 1 pm | Paper - III Grammar, Alankara & Vritta |
| 21/06/2012 Thursday | 10 am to 1 pm | Paper - IV Translation & Composition |
| 22/06/2012 Friday | 10 am to 1 pm | Paper - V History & Sanskrit Literature |

കുറിപ്പ്

1. മേൽ കാണിച്ച സമയ വിവര പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം ഏതെങ്കിലും കാരണ വശാൽ പൊതു അവധി പ്രഖ്യാപിയ്ക്കുകയാണെങ്കിലും പരീക്ഷ ക്രമ പ്രകാരം യാതൊരു മാറ്റവും കൂടാതെ നടത്തേണ്ടതാണ്. പരീക്ഷാ കമ്മീഷണറുടെയും സെക്രട്ടറിയുടെയും രേഖാമൂലമുള്ള ഉത്തരവില്ലാതെ പരീക്ഷ മാറ്റി വയ്ക്കുവാൻ പാടുള്ളതല്ല.

2. ഏതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ കുട്ടികളുടെ എണ്ണം നിശ്ചിത സംഖ്യയേക്കാൾ കുറവാണെങ്കിൽ അപ്രകാരമുള്ള പരീക്ഷാ കേന്ദ്രങ്ങൾ റദ്ദാക്കപ്പെടുകയും റദ്ദാക്കപ്പെട്ട പരീക്ഷാ കേന്ദ്രത്തിലെ പരീക്ഷാർത്ഥികൾ പിന്നീട് നിശ്ചയിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകേണ്ടതുമാകുന്നു.

( ഒപ്പ് )

**പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി**